4. പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന (പിഎംജിഎസ്‌വൈ)
5. സമ്പൂർണ്ണ ശുചിത്വ പരിപാടി
6. സംയോജിത തരിശുഭൂമി വികസന പരിപാടി (ഐഡബ്ല്യുഡിപി)/ ഹരിയാലി.
7. നാഷണൽ ഫുഡ് ഫോർ വർക്ക് (NFFWP)
8. ആർ.ഐ.ഡി.എഫ്. (ഗ്രാമീണ റോഡുകൾ)

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

സ്വയം സഹായ ഗ്രൂപ്പുകൾവഴി നടത്തിവരുന്ന പ്രവർത്തനങ്ങൾ

128 (3337) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വയം സഹായ ഗ്രൂപ്പുകൾവഴി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) അതെ എത്ര ഗ്രൂപ്പുകൾ നിലവിലുണ്ട് ; അംഗങ്ങളായി ചേർന്നിട്ടുള്ളവരുടെ എണ്ണം എത്ര ;

(സി) ശേഖരിച്ചിട്ടുള്ള നിക്ഷേപവും അംഗങ്ങൾക്കുകൊടുത്തിട്ടുള്ള വായ്പയും എത്രയാണ് ;

(ഡി) സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദവിവരം അറിയിക്കുമോ ;

(ഇ) പുരുഷൻമാർക്കായി സ്വയം സഹായ ഗ്രൂപ്പുകൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗ്രാമവികസന വകുപ്പിന്റെ സ്വയം സഹായ സംഘങ്ങൾ വഴി നടത്തിവരുന്ന പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ് :

1. സംഘത്തിന്റെ യോഗം അടിക്കടി ചേർന്ന് അംഗങ്ങൾക്കിടയിൽ ഐക്യം വളർത്തുകയും അംഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും അപഗ്രഥിക്കുകയും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും ചെയ്യുക. വിവിധ സർക്കാർ ഏജൻസികളിൽ നിന്നും പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന വിവിധങ്ങളായ ആനുകൂല്യങ്ങളെ സംബന്ധിച്ചും പദ്ധതികളെ സംബന്ധിച്ചും അവബോധം വളർത്തുക.
2. ഗ്രാമസഭകളിൽ പങ്കെടുത്തു വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുക.

LIBRARY ARCHIVES Kerala Legislative Assembly

3. റിവോൾവിംഗ് ഫണ്ട് സഹായം വിനിയോഗിച്ച് അംഗങ്ങളുടെ ഉപഭോഗത്തിനും വരുമാനദായക പ്രവർത്തനങ്ങൾക്കുമുള്ള വായ്പകൾ നൽകുക.

4. സർക്കാർ നൽകുന്ന സബ്സിഡിയും ബാങ്ക് വായ്പയും വിനിയോഗിച്ച് ചെറുകിട തൊഴിൽ സംരംഭങ്ങൾ ഗ്രൂപ്പ് അടിസ്ഥാനത്തിലും അംഗങ്ങൾ വെവ്വേറെയായും ആരംഭിക്കുക.

(ബി) 49315 ഗ്രൂപ്പുകൾ നിലവിലുണ്ട്. ആകെ അംഗങ്ങൾ 5,11,318 ആണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഉണ്ട്. സ്വർണ്ണജയന്തി ഗ്രാമസ്വരാസ്ഗാർ യോജന പദ്ധതിയിൽ പെടുത്തി നാളിതുവരെ 5,505 ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ബാങ്ക് വായ്പയും സബ്സിഡിയും ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) പുരുഷൻമാരുടെ സ്വയം സഹായ സംഘങ്ങളും നിലവിലുണ്ട്.

സംസ്ഥാനത്തെ പട്ടുവസ്ത്രങ്ങളുടെ ഉപഭോഗവും ഉല്പാദനവും

129 (T3338) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടുവസ്ത്രങ്ങളുടെ ഉപഭോഗം, ഉല്പാദനം എന്നിവയെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ :

(ബി) എങ്കിൽ പ്രതിവർഷം എത്ര കോടി രൂപയുടെ പട്ടുവസ്ത്രങ്ങളാണ് അയൽ സംസ്ഥാനങ്ങളിൽ നിന്ന് സംസ്ഥാനത്ത് വിറ്റഴിക്കുന്നത് :

(സി) സംസ്ഥാനത്തെ പട്ടുവസ്ത്രവില്പനയും സെറിഫെഡിന്റെ പ്രവർത്തനവും വിലയിരുത്തുമോ :

(ഡി) കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന പട്ടുവസ്ത്രങ്ങളുടെ വളരെ ചെറിയ ഒരുഭാഗം മാത്രമേ സെറിഫെഡിന് ഉല്പാദിപ്പിക്കുവാൻ കഴിയുന്നുള്ളു എന്ന കാര്യം വിലയിരുത്തുമോ :

(ഇ) അയൽസംസ്ഥാനങ്ങളേക്കാൾ കുറഞ്ഞ ചെലവിൽ പട്ട് സംസ്ഥാനത്ത് ഉല്പാദിപ്പിക്കാമെന്നിരിക്കെ ഈ മംഗത്ത് ഒരു മുന്നേറ്റമുണ്ടാക്കാൻ സംസ്ഥാനത്തിന് കഴിയാത്ത സാഹചര്യങ്ങൾ വിലയിരുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രതിവർഷം ഉദ്ദേശം 1.48 കോടി രൂപയുടെ ഖാദിപട്ട് ഖാദിബോർഡ് അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങി വിറ്റഴിക്കുന്നു. സംസ്ഥാനത്തെ പട്ടുവസ്ത്രങ്ങളുടെ ഉപഭോഗം ഉല്പാദനം എന്നിവയെ സംബന്ധിച്ച് നടത്തിയിട്ടുള്ള പ്രാഥമിക വിലയിരുത്തൽ പ്രകാരം പ്രതിവർഷം ഏകദേശം 500 കോടി രൂപയുടെ പട്ടുവസ്ത്രങ്ങളാണ് അയൽ സംസ്ഥാനങ്ങളിൽ നിന്ന് സംസ്ഥാനത്ത് വിറ്റഴിക്കുന്നത്.

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly